നമ്പർ: 281/2024

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

പ. സഭയുടെ അഭിമാനമായി നിലകൊള്ളുന്ന നമ്മുടെ കോട്ടയം പഴയ സെമിനാരിയുടെ സ്ഥാപക പിതാവ് മലങ്കര മെത്രാപ്പോലീത്താ **സഭാജ്യോതിസ്** ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ (പുലിക്കോട്ടിൽ ഒന്നാമൻ) തിരുമേനിയുടെ 208 -ാമത് ശ്രാദ്ധപ്പെരുന്നാളും, കോട്ടയം വൈദിക സെമിനാരിയുടെ ആധുനിക ശില്പി, സെമിനാരി പ്രിൻസിപ്പാൾ, ഡൽഹി മെത്രാസനാധിപൻ എന്നിങ്ങനെ വിവിധ നിലകളിൽ ശോഭിച്ചിരുന്ന ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ 28 -ാമത് ശ്രാദ്ധപ്പെരുന്നാളും ആ വന്ദ്യപിതാക്കന്മാർ അന്ത്യവിശ്രമം കൊള്ളുന്ന കോട്ടയം പഴയ സെമിനാരി ചാപ്പലിൽ 2024 നവംബർ 24, 25 (ഞായർ, തിങ്കൾ) തീയതികളിൽ സംയുക്തമായി നടത്തപ്പെടുന്നതാണ്. പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും, നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. 24-ാം തീയതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് നടത്തപ്പെടുന്ന സന്ധ്യാനമസ്കാരത്തിലും തുടർന്നുള്ള പ്രദക്ഷിണത്തിലും, 25-ാം തീയതി തിങ്കളാഴ്ച രാവിലെ 7.30 മണിക്ക് ആരംഭിക്കുന്ന വി. മൂന്നിന്മേൽ കുർബ്ബാനയിലും നിങ്ങളേവരും നേർച്ചകാഴ്ചകളോടുകൂടി വന്ന് സംബന്ധിച്ച് അനുഗൃഹീതരാകണമെന്ന് നാം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. 24-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ പള്ളികളിലും വിശുദ്ധ കുർബ്ബാനയിൽ അഭിവന്ദ്യ പിതാക്കന്മാരെ ഓർക്കുകയും പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയും ചെയ്യണം. അവരുടെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..............

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 നവംബർ മാസം 07-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.